**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - വാർഷിക പദ്ധതി 2018-19 - കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ - "വാർഡ് തലത്തിൽ കർഷക സഭകളും ഞാറ്റുവേല ചന്തകളും" സംഘടിപ്പിക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി ( ആസൂത്രണം - എ ) വകുപ്പ്**

**സ.ഉ.(സാധാ)നമ്പർ 546/2018/കൃഷി** **തീയതി, തിരുവനന്തപുരം, 08/06/2018**

---

പരാമർശം :- 1) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/04/2018-ലെ റ്റി.പി.(2) 7462/2018 നമ്പർ കത്ത്.

2) 26/04/2018, 08/05/2018 എന്നീ തീയതികളിലെ 1-ാമത്തെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

കാർഷിക വിജ്ഞാന വ്യാപനം എന്ന പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന്റെയും കൃഷിഭവനുകളുടെയും സേവനം ഏറ്റവും താഴെത്തട്ടിൽ എത്തിക്കുക, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിയ്ക്ക് അനുയോജ്യമായ സമയത്ത് കർഷകർക്ക് ലഭ്യമാക്കുക, കാർഷിക രംഗത്തെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, കർഷകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ടുള്ള സുതാര്യമായ ആസൂത്രണ പ്രക്രിയയ്ക്ക് പശ്ചാത്തലം സൃഷ്ടിക്കുക, കാർഷിക മേഖലയിലെ പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ "കർഷക സഭകളും ഞാറ്റുവേല ചന്തകളും" സംസ്ഥാനത്തെ വിവിധ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നതിന് 221.58 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകണമെന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ 26/04/2018-ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ പരിശോധിക്കുകയും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പദ്ധതി അംഗീകരിക്കുകയുണ്ടായി. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് (രൂപ) | ആകെ തുക (ലക്ഷം രൂപയിൽ) |
|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് വാർഡുകൾ | 15962 | 1000 | 159.62 |
| 2 | മുനിസിപ്പാലിറ്റി വാർഡുകൾ | 3122 | 1000 | 31.22 |
| 3 | കോർപ്പറേഷൻ വാർഡുകൾ | 414 | 1000 | 4.14 |
| 4 | ബ്ലോക്കുതല റിപ്പോർട്ട് ക്രോഡീകരണം | 152 | 10000 | 15.20 |

| | | | | |
|---|---|---|---|---|
| 5 | ജില്ലാതല റിപ്പോർട്ട് ക്രോഡീകരണം | 14 | 10000 | 1.40 |
| 6 | സംസ്ഥാനതലത്തിൽ റിപ്പോർട്ട് ക്രോഡീകരണത്തിനും പരിപാടി സംഘടിപ്പിക്കുന്നതിനും | 1 | 10 ലക്ഷം | 10.00 |
| **ആകെ തുക** | | | | **221.58** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ "വാർഡ് തലത്തിൽ കർഷക സഭകളും ഞാറ്റുവേല ചന്തകളും" സംഘടിപ്പിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച 221.58 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പദ്ധതി നടത്തിപ്പിനായുള്ള 221.58 ലക്ഷം രൂപ 2401-00-109-80 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വിനിയോഗിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമപരവും ധനപരവുമായ എല്ലാ സർക്കാർ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**കെ. മിനി**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്/അഗ്രി. ചീഫ് പ്ലാനിംഗ് ബോർഡ്.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.